Clause 1, Preamble and Title

The question that Clause I, Preamble and Title stand part of the Bill was put and carried.

Clause I, Preamble and Title were added to the Bill.

Minister for Labour and Housing **(Sri M. K. Raghavan):** Sir, I move that the Bill may be finally passed.

Minister for Revenue and Co-operation **(Sri Baby John):** Sir, I second it.

The question that the Industrial Disputes (Kerala Amendment) Bill, 1979, be finally passed was put and carried.

The Bill was finally passed.

(ii) 1979-ലെ കേരള പബ്ലിക് സർവ്വീസുകമ്മീഷൻ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, 1979-ലെ കേരള പബ്ലിക് സർവ്വീസസ് (ഭേദഗതി) ബില്ല് ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താൻ ഉണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെൻറ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

Mr. Speaker: The Bill stands introduced.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ബില്ല് പരിഗണനക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister of Revenue and Co-operation **(Sri Baby John):** Sir, I second it.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇങ്ങനെയൊരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഉണ്ടായ സാഹചര്യം മേശപ്പുറത്തുവച്ചിട്ടുള്ള പ്രസ്താവനയിൽ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ വീണ്ടും അത് ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. 1968-ൽ പാസ്സാക്കിയ കേരള പബ്ലിക് സർവ്വീസസ് ആക്ട് പ്രാബല്യത്തിൽ വന്നത് 17-9-1968-ലാണ്. പ്രസ്തുത നിയമം പബ്ലിക് സർവ്വീസിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്യാനും അവരുടെ സേവനവ്യവസ്ഥകളും നിശ്ചയിക്കാനും ഉള്ള അധികാരം ഗവൺമെൻറിനു നൽകുന്നു. അതിനു ആവശ്യമായ റൂൾസുകളും സ്പെഷ്യൽ റൂൾസുകളും ഉണ്ടാക്കുന്നതിനുള്ള അധികാരവും ഗവൺമെൻറിനു നൽകുന്നു. അങ്ങനെ റൂളുകളും സ്പെഷ്യൽ റൂളുകളും ഉണ്ടാക്കാനുള്ള അധികാരം നൽകുന്നുണ്ടെന്നു മാത്രമല്ല പ്രസ്തുത റൂളുകൾക്ക് മുൻകാലപ്രാബല്യം നൽകുന്നതിനും അധികാരം നൽകുന്നു. എന്നാൽ അങ്ങനെ മുൻകാല പ്രാബല്യം നൽകാനുള്ള അധികാരം ഈ നിയമം നിലവിൽവന്ന 17-9-1968 കൊണ്ട് അവസാനിക്കുന്നു. ഹൈക്കോടതിയുടെ മുൻപിൽ പ്രത്യേകിച്ച് റവന്യൂ ഡിപ്പാർട്ടുമെൻറിലെ ചില പ്രമോഷനുകളെ സംബന്ധിച്ച് കുറെയേറെ റിട്ട് പെറ്റീഷനുകൾ വരികയുണ്ടായി. അങ്ങനെയുള്ള റിട്ട് പെറ്റീഷനുകളെ സംബന്ധിച്ച് വാദംകേട്ട് വിധി പ്രസ്താവിച്ചപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി ചൂണ്ടിക്കാണിച്ച കാര്യമാണിത്. എന്നാൽ നമ്മെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം കേരള സംസ്ഥാനം നിലവിൽവന്നതിനുശേഷം ഇങ്ങോട്ട് അതായത് 1-11-1956-ന് ശേഷവും 17-9-1968-ന് മുൻപും ഈ ഉദ്യോഗനിയമനങ്ങളും റിക്രൂട്ട്മെൻറുകളും, പ്രബേഷനുകളും പ്രമോഷനുകളും തുടങ്ങി വിവിധ കാര്യങ്ങളെ സംബന്ധിച്ച് ധാരാളം സ്പെഷ്യൽ റൂളുകളും ഉണ്ടാക്കിയിട്ടുണ്ട്. അവയ്ക്ക് പലതിനും പിന്നീട് ഭേദഗതി ഉണ്ടാക്കിയിട്ടുണ്ട്. 1968-നുശേഷം പബ്ലിക് സർവ്വീസസ് ആക്ടിൻറെ അധികാരം ഉപയോഗിച്ച് ഭേദഗതികളും ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ഭേദഗതികളിൽ ചിലതിന് മുൻകാലപ്രാബല്യം ആവശ്യമായിവന്നു. ആ മുൻകാലപ്രാബല്യം 17-9-1968 വരെ മാത്രമേ നിലനിൽക്കൂ എന്ന് ഹൈക്കോടതി വിധിച്ചുകഴിഞ്ഞപ്പോൾ, ഈ അനന്തരാളഘട്ടത്തിൽ 1-11-1956-ന് ശേഷവും 17-9-1968-ന് മുൻപും ഉള്ള കാലഘട്ടത്തിലെ സ്പെഷ്യൽ റൂളുകളെ സംബന്ധിച്ച് മുൻകാലപ്രാബല്യം കൊടുക്കാൻ ശ്രമിച്ചിട്ടുള്ളതൊന്നും നിലനിൽക്കുകയില്ല. ഈ അമൻറുമെൻറുകൊണ്ട് ഉദ്ദേശിക്കുന്നത്, അങ്ങനെയുള്ള മുൻകാലപ്രാബല്യം നൽകാൻ ഉദ്ദേശിച്ച് ഉണ്ടാക്കിയിട്ടുള്ള സ്പെഷ്യൽ റൂളുകൾക്കെല്ലാം നിലനിൽപ്പുണ്ടാകണമെന്നും അതിന് നിയമപ്രാബല്യം നൽകണമെന്നും ആണ്. അതിനാവശ്യമായ ഒരു ഭേദഗതിയാണ് ഈ ഓർഡിനൻസ് മുഖാന്തിരം കൊണ്ടുവന്നിട്ടുള്ളത്. അത് ഇപ്പോൾ നിയമമാക്കിമാറ്റാനുള്ള ബില്ലാണ് ബഹുമാനപ്പെട്ട സഭയുടെ മുൻപിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇത് ലളിതമായ, വലിയ തർക്കവിഷയമൊന്നുമില്ലാത്ത ഒരു നിയമനിർമ്മാണം എന്ന നിലക്ക് എത്രയും പെട്ടെന്ന് സഭ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

Sri N. I. Devassykutty: Sir, I move that the Kerala Public Services (Amendment) Bill, 1979 be circulated for eliciting public opinion till 31st January 1980.

കേരള പബ്ലിക് സർവ്വീസസ് (അമെൻറുമെൻറ്) ബില്ലിൻറെ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയിട്ടുള്ള ഒരു പരാമർശനം വളരെയേറെ ശ്രദ്ധ ആകർഷിക്കുന്നു.

This decision has taken away the retrospective operation prior to the date of commencement of the Act, of various special rules issued under the Act with retrospective effect from dates prior to the date of commencement of the Act, causing administrative chaos and confusion, leading to reopening of settled matters.

ഇത്രയും വലിയൊരു അവാസ്തവ പ്രസ്താവന സഭയിൽ ചെയ്യേണ്ട ആവശ്യമുണ്ടോ? എന്തു "chaos ആണ് ഉള്ളത്"? റിട്രോസ്പെക്ടീവ് എഫക്ട് കൊടുത്തില്ലെങ്കിൽ ഈ സംസ്ഥാനത്തിലെ സർവ്വീസ് മേഖലയിൽ മുഴുവൻ ആശയക്കുഴപ്പവും chaos-ഉം കൺഫ്യൂഷനും ഉണ്ടാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ വാസ്തവം മറിച്ചാണെന്നാണ് ബഹുഭൂരിപക്ഷം ഉദ്യോഗസ്ഥൻമാരുടേയും അഭിപ്രായം. റിട്രോസ്പെക്ടീവ് എഫക്ട് കൊടുക്കുന്നതുകൊണ്ടാണ് യഥാർത്ഥത്തിൽ സർവ്വീസ് മേഖലയിൽ chaos-ഉം കൺഫ്യൂഷനും പല്ലുകടിയും വേദനയും കണ്ണീരും ഉണ്ടാകുന്നതെന്നാണ് ബഹുഭൂരിപക്ഷം ഉദ്യോഗസ്ഥൻമാരും അഭിപ്രായപ്പെടുന്നത്. അതുകൊണ്ട് ഇങ്ങനെയൊരു പ്രസ്താവന ഇതിൽ എഴുതിച്ചേർത്തത് തികച്ചും അനുചിതമാണ്. ഇങ്ങനെ ഒരു തെറ്റായ പ്രസ്താവന ഇതിൽ എഴുതിച്ചേർത്തത് അതും മുഖ്യമന്ത്രി എഴുതി

LIBRARY ARCHIVES Kerala Legislative Assembly

ച്ചേർത്തത് തീരെ ഉചിതമായില്ലെന്നുമാത്രമാണ് മിതമായ ഭാഷയിൽ പറയാൻ ഞാനാഗ്രഹിക്കുന്നത്. എന്തായാലും 1968-ലെ മൂലനിയമത്തൽ റിട്രാസ് പെക്ടീവ് എഫക്ട് കൊടുത്തിരുന്നില്ല. അത് ഞാൻ വായിക്കാം. The Kerala Public Services Act, 1968 Section 2. *Regulation of recruitment and conditions of service*: The Government may make rules to regulate the recruitment and conditions of service of persons appointed, to public services and posts in connection with the affairs of the State of Kerala. ഇതുമാത്രമാണ് മൂലനിയമത്തിൽ സർവ്വീസ് റൂൾ ഉണ്ടാക്കുന്നതിന് ഗവൺമെൻറിന് അധികാരം നൽകിയിരുന്ന വ്യവസ്ഥ. എന്നാൽ ഗവൺമെൻറ് പല കാരണങ്ങളാൽ, സ്വന്തക്കാരെ പ്രൊമോട്ടാക്കുക എന്ന കാരണത്താൽ മറ്റുപലരുടേയും തലയ്ക്കു മുകളിൽ സ്വന്തം ആളുകളെ കയറ്റിവിടുകയുണ്ടായി. ചിലപ്പോൾ ന്യായമായ കാര്യങ്ങളും അതിൽ ഉണ്ടായിരിക്കാം. എന്തായാലും ഇങ്ങനെയുള്ള പല കാരണങ്ങളാൽ 1970 ജനുവരിയിൽ ഗവൺമെൻറ് രണ്ടാം വകുപ്പിന് നിയമസഭയിൽ ഒരു ഭേദഗതി അവതരിപ്പിച്ചു. അന്നാണ് ആദ്യമായി സർവ്വീസ് ആക്ടിൽ റൂൾമേക്കിംഗ് പവ്വറിന് റിട്രാസ്പെക്ടീവ് എഫക്ട് കൊടുത്തത്. റിട്രാസ്പെക്ടീവ് എഫക്ട് കൊടുക്കാനുള്ള ബിൽ അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷത്തു മാത്രമല്ല ഭരണകക്ഷിയിലെ പ്രമുഖരായ അനവധി മെമ്പർമാരും ഇതുകൊടുക്കുന്നത് ആപൽക്കരമാണെന്ന് ചൂണ്ടിക്കാണിച്ചു. അതിൽ പലരും ഇപ്പോഴും അപ്പുറത്തിരിക്കുന്നുണ്ട്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി അന്ന് ഉറപ്പുനൽകുകയുണ്ടായി. ഇതിന്റെ ചരിത്രപരമായ പശ്ചാത്തലം മനസ്സിലാക്കണമെന്ന് അന്ന് അദ്ദേഹം പറയുകയുണ്ടായി. ഈ ബിൽ അവതരിപ്പിച്ച മന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ്കോയയും അന്നത്തെ ഭരണകക്ഷിയിലെ പ്രമുഖാംഗമായ ശ്രീ. മൊയ്തീൻകുട്ടിഹാജിയും അമൻറുമെൻറ് അവതരിപ്പിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തിലേയും രണ്ടു നാലു വാചകങ്ങളും പ്രൊസീഡിംഗ്സിൽ ഉള്ളത് സഭയുടെ അറിവിനുവേണ്ടി വായിക്കേണ്ടതു വളരെ ആവശ്യമാണ്. അന്ന് മന്ത്രി നൽകിയിട്ടുള്ള ഉറപ്പുകളൊന്നും പാലിച്ചിട്ടില്ലെന്നാണ് പിന്നീട് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഞാൻ അത് വായിക്കുകയാണ്. അദ്ദേഹം അവതരിപ്പിച്ച ഭേദഗതി ഇതാണ്. "Provided that such rules shall not prejudicially affect the service conditions of a Government servant retrospectively."

ഭരണകക്ഷിയിലെ പല മെമ്പർമാരും ഇതിനെ അനുകൂലിച്ചുകൊണ്ട് സംസാരിച്ചു. പ്രതിപക്ഷത്തുള്ളവർ തീർച്ചയായും അനുകൂലിച്ചു സംസാരിച്ചു. ആ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, "എന്നിരുന്നാലും ന്യായമായ ഭയാശങ്ക സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർക്കുണ്ട്". പക്ഷേ ഗവർണറുടെ ഭരണകാലത്ത് നടപ്പിൽ വരുത്തിയിട്ടുണ്ടെന്നുള്ള സമാധാനം പറയുകയാണ്. എന്തായാലും നിലവിലുള്ള ഉദ്യോഗസ്ഥൻമാർക്ക് അവരുടെ സർവ്വീസിനു യാതൊരുവിധത്തിലുള്ള പ്രതികൂലമായ പരിതഃസ്ഥിതിയും വരുകയില്ലെന്നുള്ളതിനുള്ള പരിപൂർണ്ണമായ ഉത്തരവാദിത്വം ഈ സർക്കാർ ഏറ്റെടുക്കണം. മാത്രമല്ല അങ്ങനെ പ്രതികൂലമായ സന്ദർഭത്തിൽ വേണ്ടിവന്നാൽ ഈ നിയമസഭയെത്തന്നെ സമീപിച്ച് നിയമം ഭേദഗതി ചെയ്യുമെന്നുള്ള ഒരു ഉറപ്പുകൂടി സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകണം. അങ്ങനെയൊരു ഉറപ്പ് ലഭിച്ചാൽ ഞങ്ങൾക്ക് സമാശ്വസിക്കാൻ സാധിക്കുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണെന്ന്" അദ്ദേഹം പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ആ ഉറപ്പ് മന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ്കോയ നൽകി. അങ്ങനെ റിട്രാസ്പെക്ടീവ് എഫക്ട് കൊടുക്കുന്നതുകൊണ്ട് എന്തെങ്കിലും ദോഷം വ്യാപകമായി സർവ്വീസിലുള്ളവർക്ക് വരികയാണെങ്കിൽ ഭേദഗതി പിൻവലിക്കുമെന്നും നിയമസഭയെ വീണ്ടും സമീപിക്കുമെന്നും പറഞ്ഞ മന്ത്രിയും ഗവൺമെന്റും അത് പിൻവലിക്കുകയല്ല, ഒന്നുകൂടി ഹൈക്കോടതി അസാധുവാക്കിയത് അരക്കിട്ട് ഉറപ്പിക്കാൻവേണ്ടി ഭേദഗതി ബില്ലുമായി വന്നിരിക്കുകയാണ്. ഇതാണ് വൈരുദ്ധ്യം. ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ്കോയ നൽകിയ ഉറപ്പ് ഞാൻ വായിക്കാം.

"ഈ സഭയിൽ മോഷൻ മുഖേനയും മറ്റും പ്രകടമാക്കിയ ഭയാശങ്ക ഒരതിരുവരെ മാറ്റാൻ ശ്രമിക്കുന്നതാണ്. ക്യാബിനറ്റ് റൂംസിൽ അമൻറുമെൻറ് വരുത്തിക്കൊണ്ട് എക്സിക്യൂട്ടീവ് ആർഡർ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെൻറുമാത്രം ചെയ്യാതിരിക്കുന്നതിനാവശ്യമായ സംരക്ഷണ വ്യവസ്ഥ ക്യാബിനറ്റ് ബിസിനസ് റൂംസിൽ ഉടൻതന്നെ വരുത്തുന്നതാണ്. അതുകൊണ്ട് ഉദ്ദേശിക്കുന്നതുപോലെ സംരക്ഷണം ഉണ്ടാകാതെ ഏതെങ്കിലും വിധത്തിൽ ഉദ്യോഗസ്ഥൻമാർക്ക് ദോഷകരമായോ ദ്രോഹകരമായോ പൊതുവേ ഉപയോഗിക്കുകയാണെങ്കിൽ പിന്നീട് എന്ത് ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് തീർച്ചയായും സഭയിൽ ആലോചിക്കാവുന്നതാണ്. അത് ദോഷകരമായ നിലയിൽ ബാധിക്കുമെന്ന് ഇവിടെ പ്രകടിപ്പിച്ച ഭയാശങ്ക ദൂരീകരിക്കാൻ ഒരതിരുവരെ ഗവൺമെൻറിൻെറ പേരിലുള്ള ഈ ഉറപ്പ് സഹായകരമായിരിക്കും. എന്തെങ്കിലും വിഷമതകൾ അവശേഷിക്കുകയാണെങ്കിൽ അതേപ്പറ്റി ഗവൺമെൻറ് പിന്നീട് പരിഗണിക്കുന്നതാണെന്നും വളരെ വ്യക്തമായി സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്."

അന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകിയതിനുശേഷം ആ ഉറപ്പുകളൊന്നും പാലിച്ചിട്ടില്ലെന്നുമാത്രമല്ല തുടരെത്തുടരെ സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർക്ക് സങ്കടവും നിരാശയും ഉണ്ടാകത്തക്ക വിധത്തിൽ സർവ്വീസ് ആർഡറുകൾ പുറപ്പെടുവിച്ചു. അതു മാത്രമല്ല ഈ നിയമസഭയുടെ സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റി അതു മുഴുവൻ പല ഘട്ടങ്ങളിലായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇങ്ങനെ നിരവധി ഉദ്യോഗസ്ഥൻമാർക്ക് പരാതി ഉണ്ടായതിൻെറ അടിസ്ഥാനത്തിലാണ് ഹൈക്കോടതിയിൽ നിന്ന് ഈ റിട്ടുകളെല്ലാം ഉണ്ടായത്. വ്യാപകമായി പരാതി വന്നു. State of Kerala *Vs.* Haridas ഈ കേസിലുണ്ടായ ഹൈക്കോടതിവിധി തരണം ചെയ്യുന്നതിനാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിട്ടുള്ളതെണ് ഉദ്ദേശലക്ഷ്യങ്ങളിൽതന്നെ പറയുന്നു. എന്താണ് ഈ കേസ്. ഈ കേസ് മറ്റൊന്നുമല്ല. റവന്യൂ ഡിപ്പാർട്ടുമെൻറിൽ ഇതുണ്ടായത് 1972–ലാണ്. ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു മുഴുവൻ നൽകിയതിനുശേഷം അതൊന്നും പാലിക്കാതെ റവന്യൂ ഡിപ്പാർട്ടുമെൻറ് ഏകപക്ഷീയമായി ക്യാബിനറ്റ് റൂംസൊന്നും നോക്കാതെ ഏതാനും തഹസീൽദാർമാരെ ഏകപക്ഷീയമായി ഡെപ്യൂട്ടി കളക്ടർമാരായി പ്രമോട്ടു ചെയ്യുന്നതിനുള്ള എസ്. ആർ. ഒ. പുറപ്പെടുവിച്ചിട്ടുണ്ട്. അത് ഇവിടെയുള്ള ഉറപ്പിന് എതിരായിട്ടാണ്. ആ എസ്. ആർ. ഒ. പുറപ്പെടുവിച്ചതുകൊണ്ടാണ് Haridas *Vs.* State of Kerala എന്ന കേസുണ്ടായത്. അതിൽ പറയുന്നു. They apprehend that in the matter of selection of candidates for promotion to the cadre of Deputy Collectors they would not get due consideration since their dates of first appointment to the cadre of Tahsildars cannot be taken into account in view of the State being treated as one unit retrospectively from 25th September 1962. They have succeeded in their plea since

LIBRARY ARCHIVES Kerala Legislative Assembly

the learned single Judge has found that the rules would be retrospective only from 23rd June 1965 prior to which date they had been appointed as Tahsildars. എന്താണ് ഉണ്ടായത്. അതുവരേക്കും മേഖല യായി കേഡർ പ്രമോഷൻ കൊടുത്തിരുന്നത് സ്റ്റേറ്റു മുഴുവൻ മൂന്നു യൂണിറ്റായി കണക്കാക്കിയിരുന്നതു മാറ്റിയിട്ട് സ്റ്റേറ്റു മുഴുവൻ ഒരു യൂണിറ്റായി പ്രമോഷനു കണക്കാക്കുമെന്നു പറഞ്ഞ് എസ്. ആർ. ഒ. പുറപ്പെടുവിച്ചതിൽ ഗവൺമെൻറിനു് എന്തെങ്കിലും ഉദ്ദേശം ഉണ്ടാ യിരിക്കാം. ഇങ്ങനെ അർഹിക്കുന്ന date of appointment അനുസരിച്ചു കിട്ടേണ്ട പ്രമോഷൻ ആനുകൂല്യങ്ങളും പലർക്കും നഷ്ടപ്പെട്ടതു കൊണ്ടാണ് ഈ ഭേദഗതിക്കാവശ്യമായ State of Kerala *Vs.* Haridas കേസുണ്ടായത്. അതിൽ ഹൈക്കോടതി പറയുകയാണ് In the circumstances we hold, on a construction of section 2 (1) of the Act, that the authority conferred on the Government under that sub-section is to make rules prospectively as also retrospectively but such retrospectivity does not extend to any period prior to the commencement of the Act. ഇതാണ് ഈ ഭേദഗതി നിയമവുമായിട്ട് ഇവിടെ വരുന്നതിന് ഗവൺമെൻറിനു പ്രേരക മായത്. അതുകൊണ്ട് സർവ്വീസിലുള്ള ഭൂരിപക്ഷം ജീവനക്കാരുടെയും വികാരങ്ങളും മുഖ്യമന്ത്രി കണക്കിലെടുക്കണം. റെട്രാസ്പെക്ടീവ് ഇഫക്ട് കൊടുത്തില്ലെങ്കിൽ ചില കുഴപ്പങ്ങളും ഉണ്ടാകുമായിരിക്കാം. അതോടൊപ്പംതന്നെ റെട്രാസ്പെക്ടീവ് ഇഫക്ട് കൊടുത്താലും കുഴപ്പ ങ്ങളും ഉണ്ടാകും. അതുകൊണ്ട് റെട്രാസ്പെക്ടീവ് ഇഫക്ട് ഹരിദാസ് കേസിൽ തത്തുല്യമായോ അതിനെക്കാളും കൂടുതലായോ സർവ്വീസ് കുഴപ്പ ങ്ങളും ഉണ്ടാകുമെങ്കിൽകൂടി ഈ സർവ്വീസ് മേഖലയിൽ റെട്രാസ്പെക്ടീവ് ഇഫക്ട് കൊടുത്താൽ കൂടുതൽ കുഴപ്പങ്ങളും ഉണ്ടാകുമെന്നാണ് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയാണ് റൂളുകളും പരിശോധിക്കുന്നത്. അവർ തുടരെത്തുടരെ ഇതിൻെറ അനൗ ചിത്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്, 1970-നുശേഷം ഗവൺമെൻറു നൽകിയ ഉറപ്പു ലംഘിച്ചുകൊണ്ട് പല സർവ്വീസ് ഓർഡറും പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് S.R.O. 379/72 says "provided that where any such rule is applicable to the case of any person, the case shall not be dealt with in any manner less favourable to him than that provided by that rule." എന്നുള്ള ഒറിജിനൽ എസ്. ആർ. ഒ. റെട്രാസ്പെക്ടീവ് ഇഫക്ട് ഭേദഗതിയിൽ സർവ്വീസിലിരിക്കുന്ന പല ആളുകൾക്കും ദുരിതങ്ങൾ വരുത്തിവച്ചിട്ടുണ്ട്. In order to avoid serious administrative difficulties the Government have decided to amend General Rule 39 retrospectively from 17th December 1958 i.e., the date of the original order. ഇതിൻെറ ഫലമായിട്ട് അനവധി ഉദ്യോഗ സ്ഥൻമാർക്ക് വിഷമതകൾ അനുഭവിക്കേണ്ടതായി വന്നു. ഈ നിയമസഭ തന്നെ നിയമിച്ചിട്ടുള്ള സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി വളരെ വ്യക്തമായി ഈ എസ്. ആർ. ഒ. പുറപ്പെടുവിച്ചതിനെപ്പറ്റി ചൂണ്ടിക്കാണി ച്ചിട്ടുണ്ട്. When rules are framed the rule making authority should take into account all aspects involved in question and they should see that all the conditions specified in the Statute are satisfied. The Committee further observed that when rules, particularly pertaining to the service conditions of the employees of Government are framed with retrospective effect the Government should see that the interest of those who are in service should not in any way be adversely affected by the retrospective application. The action taken under an existing

LIBRARY ARCHIVES Kerala Legislative Assembly

rules must prevail till amendment is made to the Rule. Amendments to Rules should be given effect only from the date of order and the tendency of the executive to give retrospective effect to the rules should be discouraged. ഈ നിയമസഭയുടെ സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റി 1974 മാർച്ച് 8-ന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനു ദോഷം വരുത്തിക്കൊണ്ട് റെട്രാസ്പെക്ടീവ് ഇഫക്ട് കൊടുത്തുകൊണ്ട് എസ്. ആർ. ഒ. പുറപ്പെടുവിച്ചതിനെപ്പറ്റി പറയുന്നുണ്ട്. അതു മാത്രമല്ല The High Court of Kerala in a Full Bench decision in Sreedharan Pillai *Vs.* the State of Kerala (151 K.L.T. 1973) quashing such orders has held that the action taken by the State Government is not warranted by Rule 39 and cannot therefore be sustained. ഈ പരമാധികാര സഭയുടെ കമ്മിറ്റി മാത്രമല്ല ഹൈക്കോടതിയും നിരവധി സർവ്വീസ് റൂളുകളും അസാധുവായി പ്രഖ്യാപിച്ചിട്ടുണ്ട്. The Committee noticed from the judgment of the above case that the Government have issued the present amendment only after the orders issued under the original Rule 39 were challenged in the High Court of Kerala and that too after the commencement of the hearing of these cases. ഇത് എന്താണ് ചൂണ്ടിക്കാണിക്കുന്നത്. ഒരു പ്രത്യേക ഉദ്യോഗസ്ഥൻ തനിക്കെതിരായി ഗവൺമെന്റ് നീക്കങ്ങൾ നടത്തുന്നു എന്നു പറഞ്ഞുകൊണ്ട് ഗവൺമെന്റിന്റെ നീക്കങ്ങൾക്കെതിരായി ഹൈക്കോടതിയിൽ റിട്ട് കേസ് ഫയൽ ചെയ്തതിനുശേഷം അതിന്റെ നോട്ടീസ് കിട്ടിയതിനു ശേഷം ഗവൺമെന്റ് റെട്രാസ്പെക്ടീവ് ഇഫക്ട് കൊടുത്തുകൊണ്ട് എസ്. ആർ. ഒ. പുറപ്പെടുവിച്ചു. But in the explanatory note to the notification it has been simply stated that the "Government have been advised that the orders issued under General Rules 39 are liable to be challenged in a court of law" as if the Government were unaware of the writ petitions challenging the Government orders. ഗവൺമെന്റ് പറയുന്നതുപോലെ വളരെ സദുദ്ദേശത്തോടുകൂടി ന്യായമായി സർവ്വീസ് കാര്യങ്ങളിൽ ഉണ്ടാവുന്ന കുഴപ്പങ്ങൾ ഒഴിവാക്കാനാണ് ഈ ഭേദഗതി പാസാക്കണമെന്നു പറയുന്നതെങ്കിൽ ഇങ്ങനെ തുടരെത്തുടരെ എസ്. ആർ. ഒ. മുൻകാല പ്രാബല്യം കൊടുത്തുകൊണ്ട് സർവ്വീസ് റൂൾസ് ഉണ്ടാക്കുമ്പോൾ എന്തിന് ഹൈക്കോടതി നിരന്തരമായി അതു റദ്ദാക്കുന്നു. എന്തുകൊണ്ട് സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റി നിരവധി റിപ്പോർട്ടുകളിൽ അനാവശ്യമായി റൂളുകൾ ഉണ്ടാക്കുന്നതിനെ അപലപിക്കുന്നു എന്നുള്ളത് ഗവൺമെന്റ് ഭേദഗതി വരുത്തണമെന്നു പറയുമ്പോൾ ഓർക്കേണ്ടതാണ്.

സർ, എനിക്ക് രണ്ടു നാലു കേസുകൾ പ്രധാനമായി ചൂണ്ടിക്കാണിക്കാനുണ്ട്. പല ഡിപ്പാർട്ടുമെന്റുകളിലുംപെട്ട ഉദ്യോഗസ്ഥൻമാരുടെ സർവ്വീസ് കണ്ടീഷൻ ദോഷകരമായിട്ട് നിരന്തരം എസ്. ആർ. ഒ. പുറപ്പെടുവിക്കുന്നു. ഇത് മന്ത്രിമാരോ മുഖ്യമന്ത്രിയോ അറിഞ്ഞിട്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. തൽപ്പരകക്ഷികളെ ആരെയെങ്കിലും സഹായിക്കണമെന്നു തോന്നിയാൽ ഒരു എസ്. ആർ. ഒ. പുറപ്പെടുവിക്കാൻ പ്രയാസമില്ലെന്ന് നിരവധി സംഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. 1970-ൽ മുൻകാല പ്രാബല്യം കൊടുക്കുന്നതിന് അധികാരം വേണമെന്നു പറഞ്ഞ് ബില്ലു കൊണ്ടു വന്നപ്പോൾ സി. എച്ച്. മുഹമ്മദുകോയ തന്നിട്ടുള്ള ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. ഓരോ എസ്. ആർ. ഒ. യും ക്യാബിനറ്റിന്റെ സൂക്ഷ്മമായ പരിശോധനയ്ക്കു ശേഷമാണോ പുറപ്പെടുവിക്കുന്നത്. ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് മുഖ്യമന്ത്രി പറയണം. ഈ സഭയ്ക്ക് ഈ ഗവൺമെൻറു നൽകിയ ഉറപ്പാണ്., അതനുസരിച്ച് ക്യാബിനറ്റ് റൂൾസ് മാറ്റിയിട്ടുണ്ടോ. ഉണ്ടെങ്കിൽ ഇങ്ങനെ പലർക്കും ദോഷകരമായ സർവ്വീസ് റൂളുകളും ക്യാബിനറ്റു കൂടി പരിശോധിച്ചാണോ പുറപ്പെടുവിക്കുന്നതെന്ന് ഈ സഭയെ അറിയിക്കുന്നതിന് മുഖ്യമന്ത്രിക്ക് ചുമതലയുണ്ട്. ഓരോ കേസും പരിശോധിച്ചാൽ ഓരോ കേസിലും ഓരോ വകുപ്പിൽപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ദോഷകരമായുള്ള തീരുമാനങ്ങളാ ചെയ്യുന്നു. 70-ൽ പാസാക്കുമ്പോൾ സി. എച്ച്. മുഹമ്മദുകോയ ഉറപ്പു തന്നിട്ട് ആ ഉറപ്പിൻെറ അലയടികളും ഈ സഭയിൽനിന്നു മാഞ്ഞു പോകുന്നതിനുമുമ്പ് 70-ൽ തന്നെ രണ്ടു മാസത്തിനുള്ളിൽ ഒരു എസ്. ആർ. ഒ. പുറപ്പെടുവിച്ചിട്ടുണ്ട്. ഇങ്ങനെ എസ്. ആർ. ഒ. പുറപ്പെടുവിച്ചുകൊണ്ട് degrees and diploma ഉള്ള ഒരു പാട് ഉദ്യോഗസ്ഥൻമാർക്ക് പ്രമോഷൻ കിട്ടാൻ സാദ്ധ്യമാകാതെ കഷ്ടത്തിലാക്കി. അവരെല്ലാം വളരെ നിരാശയിലായി. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ഇതു മുഴുവൻ പരിഗണിച്ചുകൊണ്ടു പറയുകയാണ്. The Committee remarked that in view of the above provision persons who had not completed the pre-service training could not be appointed as Veterinary Surgeons. As the notification had been given retrospective effect it had to be inferred that candidates who had not undergone pre-service training had also been appointed in the post, in contravention of the rules in this regard. പ്രീസർവ്വീസ് ട്രെയിനിംഗ് ഇല്ലാത്തവരെ വെറ്ററിനറിയിൽ പോസ്റ്റ് ചെയ്യാൻ പാടില്ലെന്നു സ്വന്തക്കാർക്കുവേണ്ടി മാറ്റാൻവേണ്ടി 'വേണ്ട' എന്നുള്ളത് റിട്രോസ്പെക്റ്റീവ് ഇഫക്ട് നൽകിക്കൊണ്ട് നിരവധി ഉദ്യോഗസ്ഥൻമാർക്കു മാനസിക വൈഷമ്യം ഉണ്ടാക്കി. സർ, ഇതെല്ലാം നിയമസഭയുടെ കമ്മിറ്റി പറഞ്ഞിട്ടുള്ളതാണ്. പ്രതിപക്ഷ മെമ്പറൻമാർ വിമർശിക്കുന്നതല്ല. പ്രതിപക്ഷ–ഭരണകക്ഷി മെമ്പറൻമാർ ഉൾക്കൊള്ളുന്ന ഈ നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി തെളിവെടുത്തു പറഞ്ഞിട്ടുള്ളതായ കേസ്സുകളാണ്. 1970 കഴിഞ്ഞു, ഉറപ്പു പോയി. 1971–ൽ വേറെ എസ്. ആർ. ഒ. The Assistant State Insurance Officer has been excluded from the operation of the above special rules by giving retrospective effect. റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുത്തുകൊണ്ട് ഒഴിവാക്കി. 1971-ൽ തന്നെ വേറൊന്ന്. By the present amendment the above ratio has been changed into 4:1 and the amendment is also given retrospective effect from 7th April 1971. 4:1–ൽ നിയമിക്കുവാനുള്ള ആ റേഷ്യോ പൂർവ്വകാല പ്രാബല്യം നൽകിക്കൊണ്ട് ഇഷ്യൂ ചെയ്തു. By the present amendment the above ratio has been changed into 4:1 and the amendment is also given retrospective effect from 7th April 1971. No explanatory note is appended to the notification as to the reasons which had necessitated the change of the ratio and also for the retrospective application of the order. It is inferred that appointments were made in the Department in the ratio of 4:1 instead of the then existing ratio 2:1 for a period from 7th April 1971. ജയിൽസ് ഡിപ്പാർട്ടുമെൻറിൽ നടന്നതാണ്. ഈ മുഖ്യമന്ത്രിയുടെ കീഴിലുള്ള നിരവധി ഉദ്യോഗസ്ഥൻമാർക്കു വൈഷമ്യമുണ്ടാക്കിയിട്ടുണ്ട്, അവരുടെ സർവ്വീസിനു ദ്രോഹം വരുത്തി. ഇതെല്ലാം ചെയ്തുകൊണ്ടാണ് റെട്രോസ്പെക്ടീവ് ഇഫക്ട് കൊടുത്തില്ലെങ്കിൽ ഇവിടെ മുഴുവൻ പ്രളയം ഉണ്ടാകുമെന്നു പറയുന്നത്. ഇതെല്ലാം അസംബ്ലി കമ്മിറ്റി പറയുന്നതാണ്, മറ്റൊന്ന്, അതും 1972-ൽ ചെയ്തിട്ടുള്ളതാണ്. അതിൽ പറ

LIBRARY ARCHIVES Kerala Legislative Assembly

യുന്നത്" According to the above notification dated 16th June, 1972 the teaching staff in the Hindi Teacher's Training Institutes at Trivandrum and Trichur will be treated as non-vacation officers with effect from 4th June 1970. No explanatory note is appended to the notification as to the reasons which had prompted the Government for this amendment. The Committee doubted whether the teaching staff in similar other language training institutes are also considered as non-vacation officers. ഇത് ശ്രീ. സി. എച്ച്. മുഹമ്മദു കോയക്ക് അറിയാവുന്നതാണ്. The Committee doubted whether the teaching staff in similar other language training institutes are also considered as non-vacation officers. ഓരോ അവസരങ്ങളിൽ മന്ത്രിക്കും ഗവൺമെൻറിനും ആവശ്യമുള്ള ആളുകളെ നോൺവെക്കേഷൻ സ്റ്റാഫ് ആക്കണമെങ്കിൽ എസ്. ആർ. ഒ. പുറപ്പെടുവിക്കും; റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കും. അപ്പോഴ അതെല്ലാം നോൺ വെക്കേഷണൽ സ്റ്റാഫായി. ബാക്കിയുള്ളവരുടെ ആനുകൂല്യം നിഷേധിക്കപ്പെടുന്നു. ഇങ്ങനെ ഓരോ ഡിപ്പാർട്ടുമെൻറായി വിശകലനം ചെയ്യുകയാണെങ്കിൽ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും നൂറു കണക്കിനു ഉദാഹരണങ്ങളം ചൂണ്ടിക്കാണിക്കുവാൻ കഴിയും. പ്രതിപക്ഷമെന്ന നിലയിൽ പറയുകയല്ല. ഈ സഭയുടെതന്നെ കമ്മിറ്റി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ചൂണ്ടിക്കാണിക്കുകയാണ്. എത്രയോ ഉദാഹരണങ്ങളുണ്ട്, അതിലേക്കൊന്നും കൂടുതൽ സമയം കളയുന്നില്ല. ഞാൻ ഒന്നുകൂടി വായിക്കാം. തുടർച്ചയായി ഉറപ്പുകം ലംഘിച്ചുകൊണ്ട് 1973-ൽ ചെയ്തിട്ടുള്ളതാണ്. "The Committee feel that the present amendment and the explanatory note are much confusing. The special rules were issued on 17th January 1967. It is by the present amendment dated 24th April 1973 the above special rules dated 17th January 1967 is given retrospective effect from 24th October 1962 saying that the appointment of the first Assistant Development Commissioner as per G.O. MS 620/62/DD, dated 25th July 1962 has to be regularised. It is seen that even at the time of the issue of the special rules in the G.O. dated 17th January 1967 the position stated in the explanatory notes prevailed. The Committee strongly object to the tendency of the Government in giving retrospective effect to rules particularly pertaining to the service conditions of the employees of Government. The Committee in their seventh report presented to the house on March 8, 1974 had also recommended that the Government should put an end to this practice." അങ്ങനെ നിരന്തരമായി ഈ നിയമസഭയുടെ കമ്മിറ്റിയും ഗവൺമെൻറുദ്യോഗസ്ഥൻമാരും പറയുന്നതായ നിരവധി ആക്ഷേപങ്ങളം ഉണ്ട്. അവരുടെ ഭാവിജീവിതത്തെ മുഴുവൻ നശിപ്പിച്ചു എന്നുള്ള പരാതികളെ അവഗണിച്ചുകൊണ്ടാണ്, 1970-ൽ റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുത്തിട്ടുള്ളതു ഹൈക്കോടതി റദ്ദാക്കിയിട്ടുള്ളതുകൊണ്ട് രണ്ടാമതും ഹൈക്കോടതിയുടെ കൽപ്പനയെ മറി കടന്നുകൊണ്ട് ഇനിയും റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കണമെന്നും അതു കൊടുത്തില്ലെങ്കിൽ ഇവിടെയുള്ള സർവ്വീസു മുഴുവൻ വെള്ളത്തിലൊലിച്ചു പോകുമെന്നു തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ മുഖ്യമന്ത്രി ഇവിടെ ഇത് അവതരിപ്പിച്ചത് എന്നുള്ളതു ഖേദകരമായിപ്പോയി. ഇതു വസ്തുതകൾക്കു നിരക്കാത്തതായിപ്പോയി. ഗവൺമെൻറ് ഈ സഭയ്ക്കു നൽകിയ ഉറപ്പുകൾക്കു

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധമാണ്. ഉദ്യോഗസ്ഥൻമാർക്കു വിഷമവും വേദനയും ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് ഈ അവസാനസമയത്തെങ്കിലും മുഖ്യമന്ത്രി ഇങ്ങനെയുള്ള ഭേദഗതി ബിൽ പിൻവലിക്കുകയാണു നല്ലത്.

Shri E. Ahamed: Sir, I move that the Kerala Public Services (Amendment) Bill, 1979 be referred to a Select Committee.

സർ, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഒന്നുരണ്ടു വാക്കുകൾ പറയുമ്പോൾ എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ. ദേവസ്സിക്കുട്ടിയുടെ പ്രസംഗത്തെ പരാമർശിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഈ ഭേദഗതി ബില്ലിനെ എതിർത്തുകൊണ്ട് അദ്ദേഹം ഈ കേരളത്തിലുള്ള സർവ്വീസ് റൂൾസിനെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളും പറഞ്ഞിരിക്കുകയാണ്. എന്റെ ബഹുമാന്യസ്നേഹിതൻ ഈ ബില്ലിലെ വ്യവസ്ഥകളുടെപേരിൽ കുറെയധികം ആശയക്കുഴപ്പം ഉണ്ടാക്കാൻശ്രമിച്ചു എന്നുപറയുമ്പോൾ അതിൽ കുറെയധികം സത്യമുണ്ട്. ഒരു ചെറിയ സാങ്കേതികമായ അപാകത പരിഹരിക്കുവാനുള്ള ഒരു ചെറിയ ബില്ലാണിത്. 1956 നവംബർ 1-ാം തീയതി സംസ്ഥാന പുനഃസംഘടന കഴിഞ്ഞതിനുശേഷം സർവ്വീസ് നിയമമുണ്ടായത് 1968-ലാണ്. 1968-ലെ നിയമം വരുന്നതുവരെയും ഗവൺമെൻറ് ചില സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിച്ചിരുന്നു. അതു തീരെ പരമായ ഒരാവശ്യമിയിരുന്നു. ആ റൂളുകളെല്ലാം ശരിയാണോ അതെല്ലാം തെറ്റുകളാണോ എന്നുള്ളതിലേക്ക് ഞാൻ കടക്കുന്നില്ല. 1956 നവമ്പർ 1-ാംതീയതി മുതൽ 1968 സെപ്റ്റംബർ 17-ാംതീയതി വരെയുള്ള റൂളുകൾക്ക് നിയമപരമായ പ്രാബല്യം കിട്ടണമെങ്കിൽ ഗവൺമെൻറിന് പ്രത്യേകമായ അധികാരം നിയമസഭ കൊടുത്തെങ്കിൽ മാത്രമേ ഒക്കുകയുള്ളു എന്നാണ് ഹൈക്കോടതിയുടെ റൂളിംഗ്. അപ്പോൾ 1968-ലെ നിയമത്തിലെ വ്യവസ്ഥകളിൽ ആ നിയമത്തിനുമുൻപുള്ള, ഗവൺമെൻറ് തീരുമാനയുടെ 309-ാംവണ്ഡിക അനുസരിച്ച് പാസ്സാക്കിയിട്ടുള്ള റൂളുകൾക്ക് നിയമപ്രാബല്യം ഉണ്ടെന്നു പറയാത്തകാലത്തോളം ആ റൂളിനൊന്നും നിയമപ്രാബല്യമുണ്ടാകുകയില്ലായെന്നുള്ളതാണ് ഹൈക്കോടതിയുടെ ഫുൾ ബഞ്ച് പറഞ്ഞിട്ടുള്ളത്. അതു പറയാത്ത കാലത്തോളം ആ സ്പെഷ്യൽ റൂളുകളുടെ പേരിൽ നടന്നിട്ടുള്ള നടപടികൾ—അതുതെറ്റായിരിക്കാം ശരിയായിരിക്കാം. അതിലേക്ക് ഞാൻ കടക്കുന്നില്ല—നിയമപ്രാബല്യമുള്ളതാകുകയില്ല. ആ നിയമപ്രാബല്യമില്ലാത്ത കാലത്തോളം അതനുസരിച്ച് നടന്ന നടപടികൾ, പ്രമോഷനോ ഡിമോഷനോ ട്രാൻസ്ഫറോ അതുപോലെയുള്ള ഔദ്യോഗികമായ സർവ്വീസ്കാര്യങ്ങൾക്ക് നിയമകോടതിയുടെ മുന്നിൽ സാംഗത്യം ലഭിക്കുകയില്ല. 1956 നവംബർ 1-ാംതീയതി മുതൽ 1968 സെപ്റ്റംബർ 17-ാംതീയതിവരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ റൂളുകൾക്ക് നിയമപ്രാബല്യം കൊടുക്കാൻ 1968-ലെ നിയമത്തിൽ ഒരു വകുപ്പ് എഴുതിച്ചേർക്കണം. എങ്കിൽമാത്രമേ അതിനു നിയമപ്രാബല്യം ഉണ്ടാകുകയുള്ളു എന്ന് ഹൈക്കോടതിയുടെ ഫുൾബഞ്ച് പറഞ്ഞു. അതിനുവേണ്ടി ഒരു നിയമം കൊണ്ടുവന്നപ്പോൾ, ശ്രീ. സി. എച്ച്. മുഹമ്മദ് കോയ കൊടുത്ത ഉറപ്പുപാലിച്ചിട്ടില്ല, ഇതു പാസ്സാക്കിക്കഴിഞ്ഞാൽ കുഴപ്പമുണ്ടാകും എന്നു പറയാൻമാത്രം എന്തുണ്ട് എന്നെനിക്കു മനസ്സിലാകുന്നില്ല.

1 p. m.]

ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഹൈക്കോടതിയുടെ ജഡ്ജ്മെൻറിനെപ്പറ്റി പറഞ്ഞപ്പോൾ Haridas *Vs.* State of Kerala എന്നുള്ള കേസിലെ വസ്തുതകളെപ്പറ്റിമാത്രമേ പറഞ്ഞിട്ടുള്ളു. ഹൈക്കോടതിയുടെ ഒബ്സർ

LIBRARY ARCHIVES Kerala Legislative Assembly

വേഷൻ അദ്ദേഹം വായിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഹൈക്കോടതിയുടെ ഒബ്സർവേഷൻ ഈ ജഡ്ജ്മെൻറിൽ 77-ാം പാരഗ്രാഫിൽ പറയുന്നത് സുപ്രീംകോടതിയുടെ തീരുമാനപ്രകാരം നിയമസഭ അല്ലെങ്കിൽ പാർലമെൻറ് ഗവൺമെൻറിന് എക്സ്പ്രസ് പ്രൊവിഷനോടുകൂടി, വേർഡിംഗോടുകൂടി അധികാരം കൊടുത്താൽമാത്രമേ ഭരണഘടനയിലെ 309-ാം ഖണ്ഡിക അനുസരിച്ചുള്ള റൂളിന് നിയമപ്രാബല്യം ഉണ്ടാകുകയുള്ളു എന്നാണ്. അങ്ങനെയല്ലാത്തിടത്തോളം ആൻസിലറി അധികാരം പൂർവ്വകാലപ്രാബല്യത്തോടുകൂടി കൊണ്ടുവരാൻ സംസ്ഥാന ഗവൺമെൻറിന് അധികാരം ഉണ്ടായിരിക്കുകയില്ല. അങ്ങനെ സംസ്ഥാന ഗവൺമെൻറിന് അധികാരം ഇല്ലാത്ത ചട്ടങ്ങളെ ഈ നാട്ടിൽ നടപ്പാക്കിയാൽ ആ ചട്ടങ്ങൾക്ക് നിയമപ്രാബല്യം ഉണ്ടാകുകയില്ല. അതിനുവേണ്ടിയാണ് ഈ ചെറിയ ഭേദഗതി നിയമം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്നത്.

ശ്രീ. ദേവസ്സിക്കുട്ടിയുടെതന്നെ ശ്രദ്ധയ്ക്കുവേണ്ടി കേരള ഹൈക്കോടതിയുടെ ഫുൾബഞ്ച് rely ചെയ്തിട്ടുള്ള സുപ്രീംകോടതി റൂളിംഗിലെ ഒരു വാചകം മാത്രം ഇവിടെ എടുത്തുദ്ധരിക്കാൻ ഞാനാഗ്രഹിക്കുകയാണ്. സുപ്രീംകോടതി പറഞ്ഞിട്ടുള്ളത് അതായത് ഹൈക്കോടതിയുടെ ഫുൾബഞ്ച് ഡിസിഷനിൽ rely ചെയ്തിട്ടുള്ള സുപ്രീംകോടതിയുടെ ഡിസിഷൻ—അതിൽ പറഞ്ഞിട്ടുള്ളത് It is open to a sovereign legislature to enact laws which have retrospective operation. The Courts will not ascribe retrospectivity to new laws affecting rights unless by express words or necessary implication എന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേഗതി കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേഗതിയുടെ സ്റ്റേറ്റുമെൻറ് ഓഫ് ഒബ്ജക്ട്സ് ആൻറ് റീസൺസിൽ വളരെ വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ട്. 1968-ലെ നിയമത്തിൽ എല്ലാം പറഞ്ഞെങ്കിലും അഥായത് ഭരണഘടനയിലെ 309-ാം ഖണ്ഡിക പ്രകാരം ഈ നിയമം, 1968-ലെ നിയമം കൊണ്ടുവരുന്നതുവരെ പാസ്സാക്കിയിട്ടുള്ള റൂൾസിനും സ്പെഷ്യൽ റൂൾസിനും നിയമപ്രാബാല്യം നൽകിയിട്ടുണ്ടെന്നു പറഞ്ഞാൽമാത്രം പോരാ അതനു ഒരു പ്രത്യേക തീയതിപോലും നിശ്ചയിക്കണമെന്നു പറഞ്ഞിരുന്നു. അതുകൊണ്ടാണ് ഈ ഭേഗതി നിയമത്തിൽ അതു വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത്. അതിൽ "..... conditions of service of persons appointed, to public services and posts in connection with the affairs of the State of Kerala and in force immediately before the commencement of this Act, shall be deemed to have been made under this Act as if this Act had been in force on the date on which such rules were made and shall continue to be in force unless and until they are superseded by any rules made under this Act" എന്ന വാചകം മാത്രമാണ് പുതുതായി ഇതിൽ ചേർത്തിട്ടുള്ളത്. സെപ്റ്റംബർ 17-ാംതീയതിക്കു മുമ്പ് ഉണ്ടായിരുന്ന റൂളിന് നിയമപ്രാബല്യം ഉണ്ടായിരിക്കും, അതു പറയാത്തകാലത്തോളം അതുവരെയുള്ള എല്ലാനിയമങ്ങൾക്കും തീരുമാനങ്ങൾക്കും നിയമപ്രാബല്യം ഉണ്ടാകുകയില്ല. കുറെ ആളുകൾക്ക് അനുകൂലമായോ കുറെ ആളുകൾക്ക് പ്രതികൂലമായോ റൂൾസ് പാസ്സാക്കിയതുകൊണ്ട് അതിന് നിയമപ്രാബല്യം കൊടുക്കാൻവേണ്ടിയാണ്, പൂർവ്വകാല പ്രാബല്യം കൊടുക്കാൻവേണ്ടിയാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നത് എന്ന ദുസൂചന ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയുടെ വാദമുഖത്തിൽ ഉള്ളതുകൊണ്ട് അതു നിഷേധിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇതു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ നിയമത്തിൽ വേറെ യാതൊരു ദോഷവശവും ഇല്ല. കേരള സംസ്ഥാനം രൂപവൽക്കരിച്ചതിനുശേഷം 1968-ൽ ഈ സഭയിൽവച്ച് ആ നിയമം പാസ്സാക്കിയതുവരെ പല ഗവൺമെൻറുകളും ഇവിടെ ഭരിച്ചിട്ടുണ്ട്. പ്രസിഡൻറ് ഭരണവും ഉണ്ടായിരുന്നു. 1967-ലെ സപ്തകക്ഷി ഗവൺമെൻറായിരിക്കാം. അതിനുശേഷംവന്ന അച്യുതമേനോൻറെ ഗവൺമെൻറായിരിക്കാം 1970-ലെ ശ്രീ. ദേവസ്സിക്കുട്ടികൂടി പങ്കാളിയായിരുന്ന ഗവൺമെൻറായിരിക്കാം; ആ ഗവൺമെൻറുകളെ പാസ്സാക്കിയിട്ടുള്ള റൂളുകൾക്ക് നിയമപ്രാബല്യം കൊടുക്കുകമാത്രമാണ് ഇതിൽ ഉള്ളത്. അതിന് ഇത്രയധികം ആശയക്കുഴപ്പവും വാദമുഖങ്ങളും സി. എച്ച്. മുഹമ്മദ്കോയയുടെ ഉറപ്പും അത് ഈ ഗവൺമെൻറ് പാലിക്കുന്നില്ലെന്നുള്ള വ്യംഗ്യഭാഷയും മറ്റും ഒട്ടും ശരിയല്ല.

സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു ചെറിയ സംശയം പ്രകടിപ്പിക്കാനുണ്ട്. ഇതിൽ immediately before 17th September 1968 എന്നു പറഞ്ഞാൽ മതിയോ? അല്ലെങ്കിൽ ഓബ്ജക്ട്സ് ആൻറ് റീസൺസിൽ പറയുന്നതുപോലെ administrative chaos and confusion എന്നു പറഞ്ഞതിനുശേഷം it was therefore considered necessary to amend the Act to give it retrospective effect from 1st November, 1956, അതു വേണ്ടേ എന്നാണ് എൻറെ സംശയം. From 1st November 1956 to 17th September, 1968 എന്ന വാചകമായിരിക്കുകയില്ലേ ഹൈക്കോടതിയുടെ ഫുൾ ബഞ്ച് ഡിസിഷൻറെ വെളിച്ചത്തിൽ കൂടുതൽ അഭികാമ്യമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണമെന്നാണ് എൻറെ അപേക്ഷ. അതായത് മൂലനിയമത്തിൽ ..... and in force immediately before the commencement of this Act റൂൾസിനു പ്രാബല്യം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതു ഭേഗതി വരുത്തിക്കൊണ്ട് immediately before the 17th September 1968 എന്നാണ് ചേർത്തിട്ടുള്ളത്. അപ്പോൾ immediately before the commencement of this Act എന്നുപറഞ്ഞ മൂലനിയമത്തിൽ immediately before the 17th November, 1968 എന്നുമാത്രം എഴുതിയാൽ മതിയോ? അതിനു പകരം It will have to effect from first November 1956 to 17th September 1968 എന്നുവേണ്ടേ എന്നാണ് എൻറെ സംശയം. കാരണം മൂലനിയമത്തിൽ പറഞ്ഞിട്ടുള്ളത് in force immediately before the commencement of this Act എന്നു പറഞ്ഞിട്ട് All rules made under the proviso to article 309 അതിനു മുമ്പു പറയുന്നത് shall be deemed to have been made under this Act and in force immediately before the commencement of this Act എന്നാണ്. അതിന് 1968-ലെ നിയമം നിലവിൽ വരുന്നതിനു മുമ്പുള്ള റൂൾസ് എന്നു പറഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ചാണ് ഹൈക്കോടതി പറഞ്ഞിട്ടുള്ളത് ലെജിസ്ലേച്ചറിനുള്ള അധികാരമാണ് ഗവൺമെൻറിന് കൊടുക്കുക. ആ അധികാരം നിയമവ്യവസ്ഥയിലൂടെ കൊടുത്തെങ്കിൽ മാത്രമേ ആ നിയമത്തിന് പ്രാബല്യം ലഭിക്കുകയുള്ളു എന്നു. അപ്പോൾ immediately before the commencement of this Act എന്ന് 1968-ലെ നിയമത്തിൻറെ മൂന്നാം വകുപ്പിൽ നമ്മൾ എഴുതിച്ചേർത്തിട്ടും ഹൈക്കോടതി ഇങ്ങനെ ഒരു അഭിപ്രായം പ്രകടിപ്പിച്ച സ്ഥിതിക്ക് immediately before 17th September, 1968 അതായത് മൂലനിയമം വരുന്നതിനു തൊട്ടുമുമ്പ് എന്നു എഴുതിയാൽ മതിയോ? നവംബർ 1956 മുതൽ 17 സെപ്റ്റംബർ 1968 വരെയുള്ള ഗവൺമെൻറുകൾ ഉണ്ടാക്കിയ റൂൾസ് ഈ നിയമത്തിൻറെ പരിധിയിൽ വരുന്നതാണ് എന്നുള്ള റിട്രാസ്പെക്ടീവ് ഇഫക്ട് കൊടുക്കേണ്ടതല്ലേ എന്ന സംശയംമാത്രം പ്രകടിപ്പിച്ചുകൊണ്ടും ഈ നിയമം പാസ്സാക്കേണ്ടത് ആവശ്യമാണെന്നു പറഞ്ഞുകൊണ്ടും എൻറെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: ഡെപ്യൂട്ടി സ്പീക്കർ സർ, ഞാൻ ഈ ഭേദഗതി ബില്ലിനെ എതിർക്കുന്നു. ഈ ഭേദഗതി ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഭേദഗതികളും അത്രയും നിയമപരമായി തെറ്റാണെന്നോ, നിയമസഭയ്ക്ക് ഈ ഭേദഗതി പാസ്സാക്കാനുള്ള അധികാരമില്ലെന്നോ ഉള്ള വാദമൊന്നും ഞാൻ ഉന്നയിക്കുന്നില്ല. ബഹുമാനപ്പെട്ട അഹമ്മദ് എത്രയും നിമിഷങ്ങൾക്കു മുമ്പുമാത്രമാണ് സുപ്രീംകോടതിവിധി ഉദ്ധരിച്ചുകൊണ്ടു പറഞ്ഞത്, സ്റ്റാഫ്യൂട്ടറി റൂൾസ് പിൽക്കാല പ്രാബല്യത്തോടുകൂടി ഗവൺമെൻറിന് മാറ്റാനുള്ള അധികാരമുണ്ടെന്ന്. ആ അധികാരവും ചോദ്യംചെയ്യുന്നില്ല. എന്നാൽ ആ അധികാരം ഉപയോഗിക്കേണ്ടതായിട്ടുള്ള കേസുകളും ഏതാണെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ആ അധികാരം ധർമ്മത്തിനും സത്യത്തിനും വിരുദ്ധമായിട്ട് ഉപയോഗിക്കുന്നത് നിയമപ്രകാരം കോടതിയിൽ പോയി നിലനിറുത്താൻ സാധിച്ചിട്ടുണ്ടെങ്കിൽതന്നെ അതു ശരിയാണോ യെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്.

സർ, ബഹുമാനപ്പെട്ട അഹമ്മദ് പറയുകയുണ്ടായി, പഴയറൂളിന് നിയമപ്രകാരം ഉള്ളതായിട്ടുള്ള പ്രാബല്യംകൊടുക്കാൻവേണ്ടി മാത്രമാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത് എന്ന്. അതു പരിപൂർണ്ണമായും ശരിയല്ല.

സർ, പഴയ റൂളുകൾക്ക് നിയമപ്രാബല്യം കൊടുക്കാൻവേണ്ടിമാത്രമാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത് എന്നു ബഹുമാനപ്പെട്ട അഹമ്മദ് പറഞ്ഞു. പഴയ റൂളുകൾക്കു നിയമപ്രാബല്യം കൊടുക്കാൻവേണ്ടിയല്ല ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. പഴയ റൂളുകൾക്കു പിൽക്കാല പ്രാബല്യം കൊടുത്തുകൊണ്ടുള്ള ഭേദഗതി അടുത്തകാലത്ത് വരുത്തുകയുണ്ടായി. പക്ഷേ അതു നിലനിൽക്കുന്നതല്ലെന്നു ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. അടുത്തകാലത്തു വരുത്തിയിട്ടുള്ള ഭേദഗതികളെ നിലനിറുത്താനാണ് ഈ ഭേദഗതിബിൽ കൊണ്ടുവന്നിട്ടുള്ളത്. സർവ്വീസ് റൂൾസിൽ ഇത്തരത്തിലുള്ള ഭേദഗതികൾ കൊണ്ടുവരുമ്പോൾ വളരെ കരുതൽ വേണം എന്നാണെനിക്കു പറയാനുള്ളത്: കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 27-ൻെറ പേരിൽ ആണ് വളരെയധികം സർവ്വീസ് റിട്ടുകൾ ഉള്ളത് എന്നാണെനിക്കു തോന്നുന്നത്. റൂൾ 39-ൻെറ ചില വശങ്ങളെപ്പറ്റിയുള്ള ജഡ്ജ്മെൻറുകൾ ബഹുമാനപ്പെട്ട ദേവസ്സി ക്കുട്ടി ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ശരിയാണു സർ, ശ്രീധരൻ പിള്ളയും മുത്തുക്കൃഷ്ണൻ നായരും തമ്മിലുള്ള കേസുകളിൽ ഗവൺമെൻറ് ചെയ്തിട്ടുള്ള തെറ്റുകൾ നിയമപ്രകാരം നിലനിൽക്കത്തക്കതല്ലെന്ന് കേരള ഹൈക്കോടതിയുടെ ഫുൾബഞ്ച് വിധിച്ചിട്ടുണ്ട്. ആ കേസുകളുടെ കാരണങ്ങളിലേക്കു നമുക്കൊന്നു കടക്കാം. ഗവൺമെൻറ് പറയുകയാണ് ടെസ്റ്റ് കാളിഫിക്കേഷൻ വേണ്ട എന്ന്. ഒരുഭാഗത്തു പറയുന്നു സെലക്ഷൻ പോസ്റ്റ് വർദ്ധിപ്പിക്കണം എന്ന്. മെരിറ്റിൽ ക്യാപിറ്റൽ-എം നോക്കണം, സൂപ്പർ സെഷൻ ഉണ്ടാകണം, വെറും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ പാടില്ല എന്നും പറഞ്ഞിട്ടുണ്ട്. മറ്റൊരു ഭാഗത്തു പറയുന്നു ടെസ്റ്റ് പാസ്സാകുന്നവർ കുറവാണ് പാസ്സാകാത്തവരുടെ എണ്ണമാണ് ജാസ്തി എന്ന്. നമ്പർ ജാസ്തിയുള്ളവർ ഗവൺമെൻറിൽ റെപ്രസൻേറഷൻ തന്നിട്ടുണ്ടെങ്കിൽ അതിൻമേൽ തീരുമാനമെടുക്കണം. ഇതുസംബന്ധിച്ച് സെക്രട്ടേറിയറ്റുദ്യോഗസ്ഥൻമാർ ധാരാളം കേസുകളും കൊടുത്തിട്ടുണ്ട്. ടെസ്റ്റ് പാസ്സായിട്ടുള്ളവരെ മറികടന്ന് ടെസ്റ്റ് പാസ്സാകാത്തവർക്കു പിൽക്കാലപ്രാബല്യത്തോടുകൂടിയ ആനുകൂല്യം കൊടുക്കുമ്പോൾ ടെസ്റ്റ് പാസ്സായി പ്രമോഷൻ കിട്ടിയവരുടെ സ്ഥിതി വളരെ മോശമാകും. ചിലർക്കു റിവർഷൻ വരും, ചിലർ

LIBRARY ARCHIVES Kerala Legislative Assembly

സീനിയോറിട്ടി ലിസ്റ്റിൽനിന്നു വളരെ താഴെ പോകും. ശ്രീധരൻ പിള്ളയും മുത്തുക്കൃഷ്ണൻ നായരും ഫയൽചെയ്ത കേസുകളിലെ ജഡ്ജ്മെൻറിനെ മറികടന്നുകൊണ്ട് രണ്ടുപ്രാവശ്യവും കൽപ്പനകൾ പാസ്സാക്കി. അതുരണ്ടും തെറ്റാണെന്നു ഹൈക്കോടതി പറഞ്ഞപ്പോൾ വീണ്ടും പാസ്സാക്കി. അത് ഹൈക്കോടതിയുടെ ഫുൾബഞ്ചിൽ ചോദ്യം ചെയ്യപ്പെട്ടുകിടക്കുകയാണ്. റൂൾ 27-ൻെറ പ്രൊവൈസോ നാലുപ്രാവശ്യം മാറ്റി. അതിൻെറ വ്യാപ്തി വളരെയധികം വർദ്ധിപ്പിച്ചു. ഇതെല്ലാം കഴിഞ്ഞതിനുശേഷം 1968-ൽ പാസ്സാക്കിയ കേരളാ പബ്ലിക് സർവ്വീസസ് ആക്ടിനു പിൽക്കാലപ്രാബല്യം കൊടുത്ത് ഈ റൂളുകളെല്ലാം ഭേദഗതി ചെയ്തു. ഭേദഗതിക്കു പൂർവ്വകാലപ്രാബല്യം കൊടുത്തു; അതു തെറ്റാണെന്നു ഹൈക്കോടതി പറയുകയും ചെയ്തു. സർ, നിയമത്തിനുമുൻപ് റൂളുകൾ ഉണ്ടാകുകയില്ലല്ലോ. അത് എല്ലാവർക്കും മനസ്സിലാകുന്ന കാര്യമാണ്. പക്ഷേ അതു ഗവൺമെൻറ് ശക്തിയായി വാദിച്ചു എന്നുള്ള കാരണത്താൽ സിംഗിൾ ബഞ്ചിൽനിന്നു ഡിവിഷൻ ബഞ്ചിലേക്കു പോയി, ഡിവിഷൻ ബഞ്ചിൽനിന്നു ഫുൾബഞ്ചിലേക്കു പോയി. പാവപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വളരെയധികം വിഷമതയനുഭവിക്കേണ്ടിവന്നു. അതുകഴിഞ്ഞ് സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ഇന്നും അത് സുപ്രീം കോടതിയിൽ നിലനിൽക്കുകയാണ്. ഈ സ്ഥിതിയിലാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യണം. അങ്ങനെയാണെങ്കിൽ ഇനി വീണ്ടും റൂൾ ഉണ്ടാക്കണം. അങ്ങനെ റൂളുകളുണ്ടാക്കുമ്പോൾ ഓരോ ഉദ്യോഗസ്ഥൻമാരും ഓരോ സ്ഥലത്തു നിൽക്കുകയാണെന്ന കാര്യം മനസ്സിലാക്കാം. അവരുടെ ഇപ്പോഴത്തെ സ്ഥാനങ്ങളെല്ലാം മാറും. ആളുകളുടെ സീനിയോറിട്ടി റാങ്കിനെ അഫക്ട്ചെയ്യും വളരെയധികം ആളുകൾക്കു റിവർഷൻ വരും കുറെ ആളുകൾക്കു പ്രൊമോഷനും കിട്ടും. ഇതു ഞാൻ ദുരുദ്ദേശത്തോടുകൂടിയോ ബഹുമാനപ്പെട്ട മെമ്പർ ജോണിനെ കൈച്ചൂണ്ടിയോ പറയുകയല്ല. ഇതു വന്നിരിക്കുന്നത് റവന്യൂ ഡിപ്പാർട്ടുമെൻറിലാണ്. കഴിഞ്ഞ പതിനഞ്ചുകൊല്ലമായി റവന്യൂ ഡിപ്പാർട്ടുമെൻറിൽ ഒരൊറ്റ തസ്തികയിൽ (എൽ. ഡി. ക്ലർക്ക് ഒഴിച്ച്) റെഗുലറൈസേഷനോ കൺഫർമേഷനോ ഇല്ല. എല്ലാ പ്രൊമോഷൻസും പ്രൊവിഷണൽ പ്രൊമോഷൻസ് ആണ്. കൊടുത്ത പ്രൊമോഷൻസെല്ലാം നിലനിറുത്തുകയും നീട്ടിക്കൊണ്ടുപോകുകയും ചെയ്യുക എന്നതായിരിക്കും ഈ ഭേദഗതിയുടെ ഫലം. അതാണുദ്ദേശം എന്നു ഞാൻ പറയുന്നില്ല. ഇത്രയധികം സർവ്വീസ് റിട്ട് ഉള്ളത് റവന്യൂ ഡിപ്പാർട്ടുമെൻറിലാണ്. ഒരുകാലത്ത് എറ്റവും കൂടുതൽ സർവ്വീസ് റിട്ടുകൾ ഉണ്ടായിരുന്നത് മൈസൂറിലായിരുന്നു. അതിനു കാരണങ്ങൾ പലതാണ്. മൈസൂറിലെ സ്ഥിതിയെപ്പറ്റി പലതും കേട്ടിട്ടുണ്ട്. അതൊന്നും നിയമസഭയിൽ പറയുന്നതു ശരിയല്ല. ഹൈക്കോടതിയിൽനിന്നും ഒരു സർവ്വീസ് റിട്ട് സുപ്രീം കോടതിയിൽ പോകണമെങ്കിൽ ചെലവ് എന്താകുമെന്നുള്ളത് ആലോചിച്ചാൽ എല്ലാവർക്കും അറിയാം. കേരളത്തിൽനിന്നുള്ള സർവ്വീസ് റിട്ടുകൾ പ്രായേണ കുറവായിരുന്നു. അഞ്ചാറുകൊല്ലം മുൻപാണെങ്കിൽ ഇതു പ്രായേണ കേൾക്കാത്ത കാര്യംതന്നെ ആയിരുന്നു. ഇന്നു വരുന്നവരെല്ലാംതന്നെ എല്ലാ കേസുകളും സുപ്രീം കോടതിയിൽ പോകണമെന്നു വക്കീലൻമാരോടാവശ്യപ്പെടുന്നു എന്നാണ് കേൾക്കുന്നത്. വേറെ യാതൊരു നിവൃത്തിയുമില്ല. റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ നിരവധി കേസുകൾ ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. പൂർവ്വകാല പ്രാബല്യത്തോടുകൂടി ഈ ഭേദഗതി വന്നാൽ ഇംഗ്ലീഷിൽ ഒരു വാചകം ഉപയോഗിക്കാൻ സാധിക്കുമെന്നുണ്ടെങ്കിൽ High Court will be flooded with litigation particularly from the Revenue Department. ഹൈക്കോടതി നിരവധി നിരവധി

LIBRARY ARCHIVES Kerala Legislative Assembly

കേസുകളിൽ സീനിയോറിട്ടി റാങ്ക് ഫിക്സ് ചെയ്യണമെന്നാവശ്യപ്പെട്ടു. നിരവധി നിരവധി കേസുകളിൽ റിവ്യൂ ഓഫ് പ്രൊമോഷൻ നടത്തണമെന്നാവശ്യപ്പെട്ടു. നിരവധി കേസുകളിൽ റൂം 27 എങ്ങനെയാണ് സപ്ലൈ ചെയ്യേണ്ടതെന്നുള്ളതിനു ഡയറക്ഷൻ കൊടുത്തു. ഇതെല്ലാം മറികടക്കാനായി അതാതുസമയത്ത് ഭേദഗതികളും കൊണ്ടുവന്നു. ഞാൻ ഒരു ദുരുദ്ദേശവും മന്ത്രിയുടെ പേരിൽ ആരോപിക്കുകയല്ല. ദേവസ്സിക്കുട്ടി പറഞ്ഞതായിരിക്കും കുറെക്കൂടെ ശരി. ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ പിടിയും വലിയുമാണ്. എവിടെയെല്ലാം ഇൻഫ്ളുവൻസ് ചെലുത്താൻ സാധിക്കുമോ അവിടെയെല്ലാം ചെലുത്തും. മന്ത്രി നിലവാരത്തിലാണെങ്കിൽ അങ്ങനെ, മറ്റുള്ള നിലവാരത്തിലാണെങ്കിൽ അങ്ങനെ. കോടതിയിൽ പോയി ജയിക്കാൻ സാധിക്കാത്ത കക്ഷികളും ഗവൺമെൻറ് നിലവാരത്തിൽ ഇൻഫ്ളുവൻസ് ഉപയോഗിച്ച് പല കൽപ്പനകളും വാങ്ങി എന്നുള്ള കാരണത്താലും ഗവൺമെൻറ് അത്തരത്തിലുള്ള കൽപ്പനകളും കൊടുത്തതു നിലനിറുത്തേണ്ടതു ഗവൺമെൻറിൻെറ ധർമ്മമാണെന്നു തോന്നിയതിനാലുമാണ് ഇങ്ങനെ ഭേദഗതികളും കൊണ്ടുവരുന്നത്. ഈ സംസ്ഥാനത്തിലെ മറ്റ് ഒരു സർവ്വീസ് റൂൾസിലും ഇങ്ങനെ ഭേദഗതി വന്നിട്ടുണ്ടെന്നെനിക്കു തോന്നുന്നില്ല. ആ നിലയ്ക്ക് ഇന്ന് ഈ ഭേദഗതികളും വരുത്തുകയാണെങ്കിൽ കേസുകളും വർദ്ധിക്കും, കഷ്ടപ്പാടുകളും വർദ്ധിക്കും, നിരവധി ഉദ്യോഗസ്ഥൻമാർക്ക് സ്ഥാനചലനം സംഭവിക്കും. ടെമ്പററി പ്രൊമോഷൻസൊന്നും റെഗുലറൈസ് ചെയ്യാൻ സാധിക്കാത്ത നിലപാടുവരും. ഒരുപക്ഷേ അതായിരിക്കാം ഗവൺമെൻറിൻെറ ആവശ്യവും. എട്ടുകൊല്ലം ഡെപ്യൂട്ടി കളക്ടറായി ഇരുന്നിട്ടുണ്ടെങ്കിൽപ്പിന്നെ പേടിക്കാനില്ല. കാരണം, എട്ടുകൊല്ലം ഡെപ്യൂട്ടി കളക്ടറായി ഫങ്ഷൻ ചെയ്തിട്ടുണ്ടെങ്കിൽപ്പിന്നെ ടെമ്പററിയാണോ പ്രൊവിഷണലാണോ എന്നു നോക്കേണ്ടതില്ല ഐ.എ.എസ്. കൊടുക്കും. അങ്ങനെയുള്ള എക്സ്പ്പാടുകളും മനഃപൂർവ്വം ചെയ്തുകൊടുത്തതിൻെറ ഫലമായിട്ടാണ് ഈ തരത്തിലുള്ള ഭേദഗതികളും ഗവൺമെൻറിനവതരിപ്പിക്കേണ്ടിവന്നിട്ടുള്ളതു് എന്നുള്ള വസ്തുത (ആരോപണം എന്നു പറയാൻ ഞാനുദ്ദേശിക്കുന്നില്ല) വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. എല്ലാ കാര്യങ്ങളും പരിശോധിച്ചുനോക്കിയിരുന്നെങ്കിൽ തീർച്ചയായും ഇതെല്ലാം മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. ഈ ഭേദഗതിനിയമത്തെ ഞാൻ എതിർക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഉന്നയിച്ച ഒന്നു രണ്ടു കാര്യങ്ങൾക്ക് വിശദീകരണം നൽകാൻ ആഗ്രഹിക്കുന്നു. അദ്ദേഹം വളരെ വലിയ ആശങ്ക ഇവിടെ പ്രകടിപ്പിച്ചു. ചില കേസുകളും അദ്ദേഹം ഇവിടെ വായിച്ചു കേൾപ്പിച്ചു. അങ്ങനെയുള്ള പ്രത്യേകം പ്രത്യേകം കേസുകളും എടുത്തു ചർച്ച ചെയ്യാനുള്ള സന്ദർഭം ഈ ബില്ലിനെ സംബന്ധിച്ച ചർച്ചാവേളയിൽ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ മുൻകാലപ്രാബല്യം കൊടുത്തുകൊണ്ട് ഏതു സ്പെഷ്യൽ റൂൾ ഉണ്ടാക്കുമ്പോഴും അതിനെപ്പറ്റി സ്വാഭാവികമായും പരാതികളും ഉണ്ടാകാം. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതുപോലെ നമ്മുടെ ഉദ്യോഗസ്ഥൻമാരുടെ ഇടയ്ക്ക് ഇതുപോലെയുള്ള പ്രശ്നങ്ങളും വരുമ്പോഴും രണ്ടും കാണും. ഇതിനെ സംബന്ധിച്ചൊക്കെ ഒരു തീരുമാനം ഇന്ന തരത്തിൽ ഉണ്ടാകണമെന്നുള്ളതിനാൽ സുപ്രീം കോടതിവരെ കേസ് നിലനിൽക്കുകയാണ്. ഈ കാര്യത്തിലൊക്കെ എന്തു നിയമമുണ്ടാക്കിയാലും ഏതെങ്കിലും ഒരു ഭാഗത്തുനിന്ന് ഒരു പരാതി ഉണ്ടാകുക സ്വാഭാവികമാണ്. വളരെക്കാലമായി നിലനിൽക്കുന്ന ചില നിയമങ്ങളിൽ മാറ്റം വരുത്തി പൂർവ്വകാലപ്രാബല്യംവച്ച് ചിലതൊക്കെ അക്സെപ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാമെന്നു തീരുമാനിക്കുമ്പോഴും വളരെ കരുതൽ ഉണ്ടാകണം. തികച്ചും അനിവാര്യമാണെങ്കിൽ മാത്രമെ ചെയ്യാവു. വളരെ ന്യായമായ പരാതികളും ഉണ്ടെങ്കിൽ മാത്രമേ അങ്ങനെ ചെയ്യാവു എന്നുള്ള കാര്യത്തോടു യോജിക്കുന്നു. പിൽക്കാല പ്രാബല്യത്തോടുകൂടി ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതല്ല ഇതിന്റെ ഉദ്ദേശം. അത് ഉദ്ദേശിച്ചിട്ടില്ല. വളരെ അനിവാര്യമായി വരുന്ന സന്ദർഭങ്ങളിൽ ചില മാറ്റങ്ങൾക്ക് അനുവാദം നൽകാൻ നമുക്കു കരുത്തുണ്ടാകണം. അതിനു നിയമപ്രാബല്യം വേണം. ഹൈക്കോടതി തീരുമാനം വന്നപ്പോഴാണ് അത് ഇല്ല എന്നു കരുതി മാത്രം കൊണ്ടുവരികയാണ്. അതിന്റെ പിന്നിൽ ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പ്രകടിപ്പിച്ച ആശങ്കയ്ക്കവകാശമില്ല. എന്നുവച്ചിട്ട് ഒരിടത്തും ഒരു പരാതിക്കും അവകാശമില്ലെന്നോ ഒരു തെറ്റും സംഭവിക്കുകയില്ലെന്നോ ഞാൻ അവകാശപ്പെടുന്നില്ല. ചിലപ്പോൾ അങ്ങനെയൊക്കെ വരാം. അതിന് ഏറ്റവും കൂടുതൽ കരുതൽ ഉണ്ടാകും. തികച്ചും ന്യായം എന്നു തോന്നുന്ന കാര്യങ്ങളിൽ മാത്രമേ നടപ്പിലാക്കുകയുള്ളു. ഇതേ എനിക്കു അതേപ്പറ്റി പറയുവാനുള്ളു.

ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ചോദിക്കുകയുണ്ടായി, ഇങ്ങനെ റൂൾസ് ഉണ്ടാക്കുമ്പോഴാണ് അത് കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന്റെ അംഗീകാരത്തിന് സമർപ്പിക്കാറുണ്ടോ എന്ന്. മുമ്പ് ഈ സഭയിൽ ചർച്ച വന്നപ്പോഴാണ് ശ്രീ. സി. എച്ച്. മുഹമ്മദുകോയ അങ്ങനെ ഒരു ഉറപ്പ് കൊടുക്കുകയുണ്ടായി എന്നും പറയുകയുണ്ടായി. ഇത്തരത്തിലുള്ള എല്ലാ സർവ്വീസ് റൂൾസും കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന്റെ അംഗീകാരത്തിനു സമർപ്പിച്ചിട്ടേ ചെയ്തിട്ടുള്ളു. അങ്ങനെ ചട്ടം ഉണ്ട്. അത് അദ്ദേഹത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഇതാണ് പൊതുവിൽ അദ്ദേഹത്തിന്റെ സംശയങ്ങൾക്ക് നൽകാൻ കഴിയുന്ന ഉറപ്പ്. അദ്ദേഹം ചോദിച്ച കേസുകളെപ്പറ്റി ഇപ്പോഴാ പരാമർശിക്കാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ നിയമസഭയുടെ സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റി പരിശോധിച്ച കുറെ കേസുകളിൽ എത്രയെണ്ണം കേസുകളാ വിവരിക്കുകയാണ് ചെയ്തത്. നിരവധി കേസുകളാ കമ്മിറ്റി പരിശോധിച്ച് ഗവൺമെന്റിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെയുള്ള കാര്യങ്ങളാ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശങ്ങളാ ഗവൺമെന്റ് വളരെയധികം ഉത്തരവാദിത്വത്തോടുകൂടി പരിശോധിച്ചിട്ടുണ്ട്. അതുകൊണ്ട് ഇവിടെ പ്രകടിപ്പിച്ച സംശയങ്ങൾക്ക് പ്രസക്തിയില്ല. കാരണം, പുതിയ ബില്ലിലെ സെക്ഷൻ 2 (2) വായിക്കുമ്പോഴാ ഏതു സംശയവും തീരുന്നതാണ്. (2) "Section 3 shall come in to force on the 17th day of September, 1968 and the remaining provisions of this Act shall be deemed to have come into force on the 1st day of November 1956" എന്ന് സെക്ഷൻ 1 (2)-ൽ പറഞ്ഞിട്ടുള്ളത് വീണ്ടും സെക്ഷൻ (3)-ൽ ആവർത്തിച്ചു പറയേണ്ട കാര്യമില്ല. അതുകൊണ്ട് ഇങ്ങനെയൊരു ബുദ്ധിമുട്ടുണ്ടാകുകയില്ല. 1–11–1956 വരെയുള്ള മുൻകാല പ്രാബല്യം അതുകൊണ്ടുണ്ടാകുന്നതാണ്. അതിൽക്കൂടുതൽ ഇക്കാര്യത്തെക്കുറിച്ച് ഒരു വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുമ്പോഴും മുൻകാലപ്രാബല്യം കൊടുക്കുമ്പോഴാ അദ്ദേഹം പറഞ്ഞതുപോലെ വളരെ കരുതലോടുകൂടി വളരെ ശ്രദ്ധയോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

അതു ചെയ്യാൻ ഗവൺമെൻറ് ശ്രമിക്കുമെന്ന് ഒരിക്കൽക്കൂടി ഉറപ്പുപറയുക മാത്രമാണ് ചെയ്യുന്നത്. ഈ ബില്ല് പരിഗണനക്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

The amendment moved by Shri N. I. Devassykutty was put and lost.

The amendment moved by Shri E. Ahmed was, by leave, withdrawn.

The question that the Kerala Public Services (Amendment) Bill, 1979 be taken into consideration was put and carried.

The Kerala Public Services (Amendment) Bill, 1979 was taken into consideration.

Clauses 2 to 4

The question that Clauses 2 to 4 stand part of the Bill was put and carried.

Clauses 2 to 4 were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, 1979-ലെ കേരളാ പബ്ലിക് സർവ്വീസസ് (അമൻറുമെൻറ്) ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ പിന്താങ്ങുന്നു.

The question that the Kerala Public Services (Amendment) Bill, 1979 be finally passed was put and carried.

The Bill was finally passed.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും ചൊവ്വാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1979 സെപ്തംബർ 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1-29-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly